പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 634          11-12-2012-ൽ മറുപടിക്ക്

## കുട്ടികൾക്ക് വേണ്ടിയുള്ള നിയമസഹായം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.പി.സജീന്ദ്രൻ | ശ്രീ.കെ.എം.മാണി |
| " അൻവർ സാദത്ത് | (ബഹു.ധനകാര്യവും നിയമവും |
| " ഐ.സി.ബാലകൃഷ്ണൻ | ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| " പി.സി.വിഷ്ണുനാഥ് | |

| | | |
|---|---|---|
| (എ) | കുട്ടികൾക്ക് വേണ്ടിയുള്ള നിയമ സഹായ പദ്ധതിക്ക് തുടക്കമിട്ടിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ; | കുട്ടികൾക്കുവേണ്ടിയുള്ള നിയമസഹായ പദ്ധതിയ്ക്ക് തുടക്കമിട്ടിട്ടുണ്ട്. ബഹു. സുപ്രീം കോടതിയുടെ നിർദ്ദേശപ്രകാരം നാഷണൽ ലീഗൽ സർവ്വീസസ് അതോറിറ്റി, ജുവനൈൽ ജസ്റ്റിസ് (കെയർ ആന്റ് പ്രൊട്ടക്ഷൻ ഓഫ് ചിൽഡ്രൻ) ആക്റ്റ്, 2000 പ്രകാരം സംസ്ഥാനത്തെ കുട്ടികൾക്കുവേണ്ടിയുള്ള പ്രത്യേക മന്ദിരങ്ങളുടെ മേൽനോട്ടം വഹിക്കുവാൻ സംസ്ഥാന ലീഗൽ സർവ്വീസസ് അതോറിറ്റിയോട് നിർദ്ദേശിച്ചതനുസരിച്ച് ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റി കുട്ടികൾക്കുവേണ്ടി നിയമ സഹായത്തിന് അഭിഭാഷകരുടെ പ്രത്യേക പാനൽ രൂപീകരിച്ചിട്ടുള്ളതും അവർക്ക് ജുവനൈൽ ജൂറിസ്പ്രൂഡൻസ്, ചൈൽഡ് സൈക്കോളജി ആന്റ് ബിഹേവിയറൽ സയൻസ് എന്നീ വിഷയങ്ങൾക്ക് പ്രത്യേക പരിശീലനം നൽകിവരുന്നതുമാണ്.<br><br>കൂടാതെ ചീഫ് ജസ്റ്റിസിന്റെയും കെൽസ |

| | | |
|---|---|---|
| | | യുടെ എക്സിക്യൂട്ടീവ് ചെയർമാന്റെയും പ്രത്യേക നിർദ്ദേശാനുസരണം കുട്ടികളുടെ മാനസികാരോഗ്യവും മാനസിക നിലവാരവും മെച്ചപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടെ സംസ്ഥാനത്തെ ജുവനൈൽ ഹോമുകളിലും ഒബ്സർവേഷൻ ഹോമുകളിലും സൈക്കോളജിസ്റ്റ് കൗൺസിലർ, അഡ്വക്കേറ്റ്, യോഗ ഇൻസ്ട്രക്ടർ എന്നിവരടങ്ങുന്ന കെൽസയുടെ ഒരു സംഘം കൗൺസിലിംഗ് നടത്തിവരുന്നു. നിലവിൽ പ്രസ്തുത സംഘം എറണാകുളം, തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, ഇടുക്കി, തൃശ്ശൂർ, കാസർഗോഡ്, കണ്ണൂർ, പാലക്കാട് എന്നീ ജില്ലകളിലെ ജുവനൈൽ ഹോമുകളിലും ഒബ്സർവേഷൻ ഹോമുകളിലും കൗൺസിലിംഗ് പൂർത്തിയാക്കിയിട്ടുള്ളതുമാണ്.<br>സംസ്ഥാനത്തെ ഓരോ ജില്ലയിലും ശിശു സംരക്ഷണ സമിതികളും ജുവനൈൽ ജസ്റ്റിസ് ബോർഡുകളും പ്രവർത്തിച്ചു വരുന്നു. കൂടാതെ കുട്ടികളുടെ അവകാശ സംരക്ഷണത്തിനായി ബാലാവകാശ കമ്മീഷനും സംസ്ഥാന ബാലാവകാശ നിയമത്തിനും രൂപം നൽകുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ പുരോഗമിക്കുന്നു. |
| (ബി) | ഈ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കാമോ ? | നിയമ സഹായം ആവശ്യമുള്ള കുട്ടികൾക്ക് സൗജന്യമായി നിയമ സഹായം നൽകുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യം. |
| (സി) | ഏതെല്ലാം തരം കുട്ടികൾക്കാണ് നിയമസഹായം നൽകുന്നതെന്ന് | 2000-ലെ ജുവനൈൽ ജസ്റ്റിസ് (കെയർ ആന്റ് പ്രൊട്ടക്ഷൻ ഓഫ് ചിൽഡ്രൻ) ആക്റ്റ് |

| | | |
|---|---|---|
| | വ്യക്തമാക്കുമോ ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ; | പ്രകാരമുള്ള കുട്ടികൾക്കും നിയമ സഹായം ആവശ്യമുള്ള മറ്റു കുട്ടികൾക്കുമാണ് നിയമ സഹായം നൽകുന്നത്. |
| (ഡി) | എവിടെയെല്ലാമാണ് ഈ പദ്ധതി നടപ്പാക്കിവരുന്നതെന്ന് വ്യക്തമാക്കുമോ ? | എല്ലാ ജില്ലകളിലും ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.